**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2229** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഗ്രാമപഞ്ചായത്തുകൾ മുഖേന ആറ്റുമണൽ നീക്കം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമപഞ്ചായത്തുകൾ ആറ്റുമണൽ ശേഖരിച്ച് നൽകിയിരുന്ന സംവിധാനം നിർത്തലാക്കിയിട്ട് എത്ര കാലമായെന്ന് വ്യക്തമാക്കാമോ; | (എ) | പാരിസ്ഥിതിക അനുമതി ലഭ്യമാകാത്തതിനാൽ സംസ്ഥാനത്തെ നദികളിൽ നിന്നുള്ള നിയമാനുസൃത മണൽ വാരൽ നിർത്തിവച്ചിരിക്കുകയാണ്. സാന്റ് ഓഡിറ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത ഖനനം നടത്തുന്നതിന് മണൽ ലഭ്യതയില്ലാത്ത നദികളിൽ മണൽവാരൽ നിരോധനം 06/06/2015 മുതൽ വ്യത്യസ്ത തീയതികളിലായി ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ആറ്റുമണൽ യഥാസമയം നീക്കംചെയ്യാത്തതുമൂലം ചെറിയ മഴയിൽപോലും കുട്ടനാട് പോലെയുള്ള പ്രദേശങ്ങൾ വെള്ളക്കെട്ടിലായിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഗ്രാമപഞ്ചായത്തുകളെക്കൊണ്ട് ആറ്റുമണൽ നീക്കം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (ബി) | ആറ്റുമണൽ യഥാസമയം നീക്കം ചെയ്യാത്തതുമൂലം ചെറിയ മഴയിൽപോലും കുട്ടനാട് പോലെയുള്ള പ്രദേശങ്ങൾ വെള്ളക്കെട്ടിലായിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>നദികളിലെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന വിധം പ്രളയം കാരണം നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി, അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്ത് പ്രളയജലം വഹിക്കുന്നതിനുള്ള നദികളുടെ ശേഷി കൂട്ടുന്നതിനു വേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 24/12/2019 ലെ സ.ഉ.(സാധാ) നം 3880/2019/ആർ.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ ഇറിഗേഷൻ വകുപ്പ് മുഖാന്തിരം ജലാശയങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ മണ്ണ് മാറ്റുന്ന പ്രവൃത്തി നടന്നുവരുന്നുണ്ട്. കൂടാതെ മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള ഡെബ്രിസ് നീക്കം ചെയ്തു നദികളുടെ സ്വാഭാവിക ഒഴുക്ക് നിലനിർത്തുന്നതിനായുള്ള പ്രവൃത്തികൾ 17/05/2022 ലെ സ.ഉ.(സാധാ) നം. 442/2022/ഡി.എം.ഡി. പ്രകാരം ജില്ലാ ദുരന്ത നിവാരണ മാനേജ്മെന്റ് |

| | | | |
|---|---|---|---|
| | | | അതോറിറ്റിയുടെ കീഴിൽ ഇറിഗേഷൻ വകുപ്പിന്റെ സഹകരണത്തോടുകൂടി നടന്നുവരുന്നുണ്ട്. |
| (സി) | ഇപ്രകാരം മണൽ നീക്കം ചെയ്യേണ്ട പ്രദേശം ശാസ്ത്രീയമായി കണ്ടെത്തി അവ നീക്കം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്തെ നദികളിൽ നിന്നുള്ള മണൽ നീക്കം നടത്തേണ്ടത് 2001 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായാണ്. കൂടാതെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിവിധ വിധികളുടെ അടിസ്ഥാനത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ, MOEF & CC യുടെ Sustainable Sand Mining Management Guidelines 2016, Enforcement and Monitoring Guidelines for sand mining 2020 എന്നിവ പ്രകാരം തയ്യാറാക്കിയ ഡിസ്ട്രിക്റ്റ് സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ State Environment Impact Assessment Authority ൽ നിന്നും പാരിസ്ഥിതിക അനുമതി ലഭ്യമായതിനു ശേഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ വിദഗ്ദ്ധ സമിതി നിയമാനുസൃത നടപടി ക്രമങ്ങൾ സ്വീകരിച്ച് കടവുകമ്മിറ്റികൾ മുഖാന്തിരമാണ് മണൽ ഖനനം നടത്തേണ്ടത്. മണൽ നീക്കം ചെയ്യൽ നിയന്ത്രിച്ചിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്ന സാന്റ് ഓഡിറ്റിംഗ് ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ